**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് താൽക്കാലിക ഉദ്യോഗക്കയറ്റം - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (ഡി) വിഭാഗം

നം: ED1/24967/23/ഡി.ടി.ഇ — തിരുവനന്തപുരം , തീയതി: 17.10.2023

---

വായന:- 1.04.10.2023 ലെ ഈ കാര്യാലയത്തിലെ ഇജി 3/25990/23/ഡിടിഇ നമ്പർ ഉത്തരവ്
2.09.10.2023 ലെ ഈ കാര്യാലയത്തിലെ ഇഡി1/15832/23/ഡിടിഇ നമ്പർ ഉത്തരവ്

**ഉത്തരവ്**

വായന (2) ഉത്തരവിലൂടെ ഹെഡ് ക്ലാർക്ക് / ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ചതു വഴി സീനിയർ ക്ലാർക്ക് തസ്തികയുടെ രണ്ട് ഒഴിവുകൾ വകുപ്പിൽ ഉണ്ടായിയിട്ടുണ്ട്.

അതിനാൽ, വായന (1) പട്ടികയിൽ ഉൾപ്പെട്ട ചുവടെ ചേർത്തിരിക്കുന്ന ക്ലാർക്ക് തസ്തികയിലെ ഉദ്യോഗസ്ഥർക്ക് പ്രസ്തുത ഒഴിവുകളിലേക്ക്; കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ ഭാഗം - II പൊതു ചട്ടം 28 (ബി) (ii) ന് വിധേയമായി ₹ 35600 - 75400 വേതന നിരക്കിലുള്ള സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് താൽക്കാലിക ഉദ്യോഗക്കയറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

**സീനിയർ ക്ലാർക്ക് - ഉദ്യോഗക്കയറ്റം**

| ക്രമ. നം | വായന പട്ടികയിലെ ക്രമ നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗകയറ്റത്തിന് യോഗ്യരായ ക്ലാർക്കുമാരുടെ പേര്, സ്ഥാപനം,പെൻ | സീനിയർ ക്ലാർക്ക് തസ്തികയിലെ ഉദ്യോഗകയറ്റ പ്രാബല്യ തീയതി |
|---|---|---|---|
| 1 | 22 | ശ്രീ.സന്തോഷ്.കെ<br>ക്ലാർക്ക്<br>സർക്കാർ പോളിടെക്ക്നിക്ക് കോളേജ്,തൃക്കരിപ്പൂർ<br>പെൻ - 763915 | 09.10.2023 |
| 2 | 23 | ശ്രീമതി.ശുഭ.എം.എസ്<br>ക്ലാർക്ക്<br>സർക്കാർ ടെക്ക്നിക്കൽ ഹൈസ്കൂൾ,കുളത്തൂർ, നെയ്യാറ്റിൻകര<br>പെൻ - 731397 | 09.10.2023 |

ഉദ്യോഗക്കയറ്റം ലഭിച്ച ക്ലാർക്കുമാർ നിലവിൽ ജോലി ചെയ്തു വരുന്ന സ്ഥാപനങ്ങളിൽ തുടരേണ്ടതാണ്. ആയതിലേക്ക് ടി ഉദ്യോഗസ്ഥരുടെ തസ്തിക സീനിയർ ക്ലാർക്ക് തസ്തികയായി താൽക്കാലികമായി ഉയർത്തുന്നു.



Draft #5 of File ED1/24967/23/DTE Approved by Senior Administrative Officer on 17-Oct-2023 03:58 PM - Page 1

ടി ജീവനക്കാരുടെ ശമ്പളം 10.02.2021 - ലെ സ.ഉ (പി) നം.27/2021/ ധന, തിരുവനന്തപുരം നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക 36 പ്രകാരം നിർണ്ണയിക്കേണ്ടതാണ്. ടി ജീവനക്കാരിൽ നിന്നും ഉദ്യോഗക്കയറ്റത്തിൻറെ ഭാഗമായുള്ള ശമ്പള നിർണ്ണയത്തെ തുടർന്നു അധിക തുക കൈപ്പറ്റുന്ന സാഹചര്യമുണ്ടായാൽ, ടി അധിക തുക ഒറ്റത്തവണയായി തിരിച്ചടച്ച് കൊള്ളാം എന്ന സത്യവാങ്മൂലം (2 പകർപ്പുകൾ) ബന്ധപ്പെട്ട മേലധികാരികൾ വാങ്ങേണ്ടതും, ആയതിൻറെ ഒരു പകർപ്പ് മേലൊപ്പ് ചാർത്തി ഈ കാര്യാലയത്തിലേക്ക് അയച്ചു തരേണ്ടതുമാണ്. ഉദ്യോഗകയറ്റം സംബന്ധിച്ച വിശദാംശങ്ങൾ ടി ജീവനക്കാരുടെ സേവന പുസ്തകത്തിൽ യഥാവിധി രേഖപ്പെടുത്തേണ്ടതാണ്.

ഒപ്പ് /-

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
(ഡിടിഇ വെബ് സൈറ്റ് വഴി)

പകർപ്പ്

1.സി.എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, ഡിടിഇ
2.ബന്ധപ്പെട്ട ജീവനക്കാർക്ക് (സ്ഥാപന മേധാവികൾ വഴി)
3.സൂപ്രണ്ട്,ജീവനക്കാര്യം (ജി) വിഭാഗം, ഡിടിഇ (ഡിഡിഎഫ്എസ് വഴി)
4.സിസ്റ്റം അനലിസ്റ്റ്,ഡിടിഇ (പ്രസിദ്ധീകരണത്തിന്)
5.ഡിഡിഎഫ്എസ് കരുതൽ സഞ്ചയം

Approval Valid

Digitally Approved By
സുനിൽ കുമാർ സി വി
Date: 17.10.2023
Reason: Approved

Draft #5 of File ED1/24967/23/DTE Approved by Senior Administrative Officer on 17-Oct-2023 03:58 PM - Page 2

The document is digitally approved. Hence signature is not needed.